DESPATCHED
02/06/2020

17/03/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം–695 001**

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic@kerala.nic.in

ഹർജി നമ്പർ **AP 1591(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10214/SIC-Gen5/2015**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. നൗഷാദ് കെ.,
നിമ കോട്ടേജ്,
കിഴുവിലം പി.ഒ.,
മാമം, ആറ്റിങ്ങൽ, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ആറ്റിങ്ങൽ നഗരസഭ,
   നഗരസഭാ ഓഫീസ്, ആറ്റിങ്ങൽ,
   തിരുവനന്തപുരം – 695 101.

2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   ആറ്റിങ്ങൽ നഗരസഭ,
   നഗരസഭാ ഓഫീസ്, ആറ്റിങ്ങൽ,
   തിരുവനന്തപുരം – 695 101

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 18.3.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.4.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 4.5.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 23.5.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.6.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.6.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 8.7.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.7.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.3.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം : | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നൗഷാദ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിക്ക്

അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുവാൻ വിജിലൻസ് ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച നടപടി ഇതുവരെയും നടപ്പിൽ വരാത്തതിന്റെ കാരണം അറിയുന്നതിലേയ്ക്ക് വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ മറുപടി ഒന്നും ലഭിക്കാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതു പ്രകാരവും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 82323/ആർ.എ1/2014 നമ്പർ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ആറ്റിങ്ങൽ നഗരസഭ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ള ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സ്ഥലം പരിശോധന റിപ്പോർട്ടിന്റെ പകർപ്പ്, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) മേൽപ്പടി വിഷയത്തിൽ ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ നൽകണമെന്നും 45 ദിവസം കഴിഞ്ഞിട്ടും നടപടികൾ സ്വീകരിച്ച് നിയമം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നും മറ്റുമാണ്.

3. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഒന്നാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിലേയ്ക്കായി 2 രൂപ ഫീസ് ഒടുക്കി രസീത് ഹാജരാക്കണമെന്നാണ്. രണ്ടാം ഇനം സംബന്ധിച്ച് അറിയിച്ചത്, മേൽപ്പടി വിവരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നിർദ്ദേശിച്ച പ്രകാരം ഫീസ് ഒടുക്കി രസീത് സമർപ്പിച്ചുവെങ്കിലും ടിയാന് അയച്ചു നൽകിയിട്ടുള്ളത് ടിയാൻ ആവശ്യപ്പെട്ട രേഖ അല്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണം എന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഒന്നാം എതിർകക്ഷി നിശ്ചിത സമയപരിധിക്കുള്ളിൽ ഹർജിക്കാരന് മറുപടി നൽകിയിരുന്നു എന്നും എന്നാൽ ഹർജിക്കാരന് നൽകിയ പകർപ്പിൽ അപാകത സംഭവിച്ചു എന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് 7.5.2015 തീയതി എ2-168/06 നമ്പറായി ഹർജിക്കാരന് നൽകിയിട്ടുള്ള കത്തിനോടൊപ്പം നൽകിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുന്നതിലേയ്ക്കായി രണ്ടു രൂപ നഗരസഭയിൽ ഒടുക്കി രസീത് ഹാജരാക്കണം എന്ന് ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും ആയതിന് 23.5.2015-ൽ എ2/168/06

പ്രകാരം ഹർജിക്കാരന് നൽകിയ പകർപ്പിൽ അപാകത സംഭവിച്ചതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് പിന്നീട് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ടിയാന് ഈയവസരത്തിൽ നൽകിയിട്ടുള്ളതായും രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരമുള്ള വിവരം എന്നതിന്റെ പരിധിയിൽ വരുന്നതല്ലെന്നു ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk